വിളക്കുടി ഗ്രാമപഞ്ചായത്ത്

കുന്നിക്കോട് പി.ഒ. കൊല്ലം ജില്ല

ഫോൺ: 0475 2322026 ഇമെയിൽ - vilakudypanchayat@yahoo.in

ജനകീയാസൂത്രണം 2026-27

നമ്പർ :SC1/7030303/2026 തീയതി: 02/11/2026

ഇ-ടെണ്ടർ പരസ്യം

വിളക്കുടി പഞ്ചായത്തിന്റെ 2026-27 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് അംഗീകൃത ഏജൻസികൾ /സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മത്സരാധിഷ്ഠിത ഇ-ടെണ്ടറുകൾ ക്ഷണിക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ	പ്രവൃത്തിയുടെ പേര്	നിർവ്വഹണ ഉദ്യോഗസ്ഥൻ	അടങ്കൽ തുക	നിരത ദ്രവ്യം	ദർഘാസ് ഫീസ് + 18% GST
1	05/27	തെരുവ് വിളക്ക് LED ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ	സെക്രട്ടറി	400000	10000	500+18 % GST
ആവശ്യമുള്ള സാധനങ്ങൾ		LED Bulb 18 Watts Branded (ISI/ISO certified product) Pendent Holder Branded (ISI/ISO certified product) Insulation Tape Branded (ISI/ISO certified product) Aluminium Wire 2.5 Branded (ISI/ISO certified product) Aluminium Shade (ISI/ISO certified product) Automatic Photo Cell (ISI/ISO certified product)				

ടെണ്ടർ ഫോറം ഡൗൺലോഡ് ചെയ്യൽ തുടങ്ങുന്ന ദിവസം : 03/11/2026

ടെണ്ടർ ഫോറം സ്വീകരിക്കുന്ന അവസാന തീയതി : 16/11/2026

അസ്സൽ രേഖകൾ രജിസ്റ്റേർഡ്/സ്പീഡ് പോസ്റ്റ് വഴി സമർപ്പിക്കേണ്ട അവസാന തീയതി : 16/11/2026

ടെണ്ടർ ഫോറം പരിശോധിക്കുന്ന തീയതി : 18/11/2026, 11 AM

ദർഘാസ് രേഖകളും ഷെഡ്യൂളും https://tender.lsgkerala.gov.in/, https://etenders.kerala.gov.in/, https://vilakkudypanchayat.lsgkerala.gov.in/ എന്നീ വെബ്സൈറ്റിൽ നിന്നും ലഭ്യമാകുന്നതാണ്.ടെണ്ടർ സംബന്ധിച്ച എല്ലാ രേഖകളും ഓൺലൈൻ വഴി

സമർപ്പിക്കേണ്ടതാണ്.ഓൺലൈൺ മുഖാന്തിരം മാത്രമേ ടെണ്ടറുകൾ സ്വീകരിക്കുകയുള്ളു.വൈകി പോസ്റ്റ് ചെയ്യുന്ന ടെണ്ടറുകൾ അംഗീകരിക്കുന്നതല്ല.സപ്ലൈയറുടെ അംഗീകാരം സംബന്ധിച്ച രേഖകൾ,പ്രിലിമിനറി എഗ്രിമെന്റ് എന്നിവ സ്കാൻ ചെയ്ത് ഓൺലൈൺ വഴി സമർപ്പിക്കേണ്ടതാണ്.ഇ.എം.ഡിയും ഓൺലൈൺ വഴി സമർപ്പിക്കേണ്ടതാണ്.പ്രാഥമിക കരാർ ഉടമ്പടിയുടെ ഒറിജിനലും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവയും യഥാസമയം ടെണ്ടർ ക്ഷണിച്ച ഓഫീസറുടെ പേരിൽ തപാൽ മുഖേന അയച്ചു നൽകേണ്ടതാണ്. ടെണ്ടറുമായി ബന്ധപ്പെട്ട എല്ലാ നിബന്ധനകളും ഇതിനു ബാധകമായിരിക്കും.ടെണ്ടറുകൾ ഡൗൺലോഡ് ചെയ്യുമ്പോഴുണ്ടാകുന്ന തകരാറുകൾക്ക് ഈ ആഫീസ് ഉത്തരവാദിയായിരിക്കുന്നതല്ല. ടെണ്ടറിൽ സൂചിപ്പിച്ചിട്ടുള്ള ഇനങ്ങൾക്കു മാത്രം ടെണ്ടർ സമർപ്പിക്കേണ്ടതാണ്. ടെണ്ടറിൽ കാണിക്കേണ്ട നിരക്ക് ജി.എസ്.ടിയും കൺവെയൻസ് ചാർജ്ജും ഉൾപ്പെട്ടതായിരിക്കണം.സപ്ലൈ ഓർഡർ ലഭിച്ച് 15 ദിവസത്തിനകം സാധനങ്ങൾ സപ്ലൈ ചെയ്യേണ്ടതാണ്.

ഇ- ടെണ്ടറുകൾ അംഗീകരിക്കുന്നതിനുള്ള നിബന്ധനകൾ

1. ഇ ടെണ്ടർ, അനുബന്ധ രേഖകൾ എന്നിവ നിശ്ചിത സമയത്തിനകം, പദ്ധതിയുടെ പേരും നമ്പരും കൃത്യമായി എഴുതി തപാൽ മുഖേന മുദ്ര വെച്ച കവറിൽ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. തപാലിൽ ഉണ്ടാകുന്ന കാലതാമസത്തിന് ടെണ്ടർ സ്വീകരിക്കുന്നയാൾ ഉത്തരവാദി ആയിരിക്കുന്നതല്ല.

2. നിശ്ചിത തുകയ്ക്കുള്ള നിരതദ്രവ്യവും, ദർഘാസ് ഫീയും, ഒടുക്കേണ്ടതാണ്. ടെണ്ടറിനൊപ്പം നിരതദ്രവ്യം അടച്ച രസീതും, 200/- രൂപയുടെ മുദ്ര പത്രത്തിൽ പ്രാഥമിക എഗ്രിമെന്റ് പകർപ്പും ഉള്ളടക്കം ചെയ്യേണ്ടതാണ്.
3. ടെണ്ടർ അംഗീകരിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം ടെണ്ടർ സമർപ്പിച്ച വ്യക്തി സ്വന്തം ചെലവിൽ കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്.

4. 18 വാട്ട് എൽ.ഇ.ഡി ബൾബ് മിനിമം 1 വർഷം ഗ്യാരന്റിയുള്ളതായിരിക്കണം. ഉപകരണങ്ങളുടെ ഗ്യാരൻറി സംബന്ധിച്ച വിവരങ്ങൾ ടെണ്ടറിൽ വ്യക്തമായി രേഖപ്പെടുത്തണം. ഉപകരണങ്ങളുടെ ഗുണനിലവാരം സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ സാക്ഷ്യപ്പെടുത്തണം. സാക്ഷ്യപത്രം വാങ്ങേണ്ട ഉത്തവാദിത്തം സപ്ലൈർക്കാണ്.

5.ടെണ്ടർ ലഭിക്കുന്ന വ്യക്തി/ സ്ഥാപനം സ്വന്തം ചെലവിലും, ഉത്തരവാദിത്വത്തിലും സാധനങ്ങൾ പഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്ഥലത്ത് നിശ്ചിത തീയതിയിലും, സമയത്തും എത്തിച്ചു നൽകേണ്ടതാണ്.

6. കരാറുകാരൻ, ഗ്രാമപഞ്ചായത്ത് നിർദ്ദേശിച്ച പ്രകാരമുള്ള ജാമ്യ നിക്ഷേപം കെട്ടി വയ്ക്കാൻ ബാദ്ധ്യസ്ഥനാണ്.
7. ടെണ്ടർ സമർപ്പിച്ചതിനു ശേഷം പിൻവാങ്ങുകയോ, ഉടമ്പടിയിലൊപ്പു വെയ്ക്കാൻ വിസമ്മതിക്കുകയോ, നിശ്ചിത സമയത്തിനകം ഉടമ്പടിയിലേർപ്പെടാതിരിക്കുകയോ, സാധനസാമഗ്രികൾ ഗുണമേൻമയിലോ അളവിലോ സ്പെസിഫിക്കേഷനിലോ മാറ്റം വരുത്തി വിതരണം ചെയ്യുന്ന പക്ഷം ടെണ്ടർ റദ്ദാക്കുന്നതും, സാധന സാമഗ്രികൾ കരാറുകാരൻറെ നഷ്ടോത്തരവാദിത്വത്തിൽ പുറമേ നിന്നും വാങ്ങുന്നതും, തന്മൂലം സംഭവിക്കുന്ന നഷ്ടം ടെണ്ടർ സമർപ്പിച്ചയാളുടെ ബാദ്ധ്യതയായി കണക്കാക്കി പ്രസ്തുത നഷ്ടം റവന്യൂ റിക്കവറി നടപടികൾ മുഖേന ടിയാളിൽ നിന്നും ഈടാക്കുന്നതുമാണ്. കൂടാതെ പ്രസ്തുത വ്യക്തിയെ /

സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയോടും സംസ്ഥാന സർക്കാരിൻറെ സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെൻറിനോടും ശുപാർശ ചെയ്യുന്നതാണ്.

8. ടെണ്ടർ സ്ഥിരപ്പെടുത്തിയതിനു ശേഷം നിരക്കിൽ വർദ്ധനവ് വരുത്തുന്നത് അനുവദനീയമല്ല.
9. ടെണ്ടർ പ്രതിപാദിച്ച ഇനങ്ങളിൽ ഏതെങ്കിലും ഇനം ഭാഗികമായി മാത്രം വിതരണം ചെയ്യുന്ന പക്ഷം വിതരണം ചെയ്യാത്ത ഇനങ്ങൾ ടെണ്ടർ സമർപ്പിച്ചയാളുടെ നഷ്ടോത്തരവാദിത്വത്തിൽ പുറമെ നിന്നും വാങ്ങുന്നതിന് അധികാരമുണ്ടായിരിക്കും. അത്തരം സന്ദർഭങ്ങളിൽ വിതരണം ചെയ്ത് ഇനങ്ങളുടെ വില, വാങ്ങൽ നടപടിക്രമം പൂർത്തീകരിച്ചതിനു ശേഷം മാത്രമേ നൽകുകയുള്ളു.

10. ടെണ്ടർ രേഖപ്പെടുത്തുന്ന വില എല്ലാ വിധത്തിലുള്ള നികുതികളും, സെസ്സ്, പാക്കിംഗ് ചാർജ്ജ്, വാഹന വാടക, കയറ്റുകൂലി, ഇറക്കുകൂലി എന്നിവ അടക്കമുള്ളതായിരിക്കണം.

11. വാറണ്ടി / ഗ്യാരണ്ടി നിർദ്ദേശിച്ചിട്ടുള്ള സംഗതിയിൽ വാറണ്ടി / ഗ്യാരണ്ടി കാലാവധി പൂർത്തീകരിച്ചതിനു ശേഷം മാത്രമേ ജാമ്യ നിക്ഷേപം തിരികെ നൽകുകയുള്ളൂ.

12. വിതരണക്കാരനിൽ നിന്ന് ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട ഏതു തുകയും ടിയാന് നൽകാനുള്ള തുകയിൽ നിന്നും പിടിച്ചെടുക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കും.

13.പ്രോക്യൂർമെൻറ് മാനുവലിലെ നിബന്ധനകൾക്ക് വിരുദ്ധമാകാത്ത ഏതൊരു നിബന്ധനയും കരാറിൽ ഉൾപ്പെടുത്തുന്നതിന് കറാറിലേർപ്പെടുന്ന ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കും.

14. ടെണ്ടർ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ടെൻഡർ നടപടികൾ നടത്തുന്നതാണ്.

15. ഏതൊരു ടെണ്ടറും കാരണം കാണിക്കാതെ തള്ളിക്കളയുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമാണ്.

OFFICE OF THE VILAKUDY GRAMA PANCHAYAT
KUNNICODE P.O.
KOLLAM DIST.

വിശ്വസ്തതയോടെ

സെക്രട്ടറി

Secretary
Vilakudy Grama Panchayat
Kunnicode P.o., Kollam (DIST.) - 691508
Ph: 0475 - 2322026,9496041741